# കണ്ണൂർസർവകലാശാല
## (പരീക്ഷാ വിഭാഗം)

www.kannuruniversity.ac.in

No. EG.I..2/PR/2022 — കെ. യു എച്ച്. ക്യു, തീയതി 28.10.2022

**പ്രസിദ്ധീകരണത്തിന്**

**പരീക്ഷാവിജ്ഞാപനം**

**24.11.2022, 25.11.2022** തീയതികളിൽ യഥാക്രമം ആരംഭിക്കുന്ന **മൂന്നും ഏഴും** സെമസ്റ്റർ **ബി. എ. എൽഎൽ. ബി.** (റെഗുലർ/ സപ്ലിമെന്ററി), നവംബർ 2022 പരീക്ഷാ വിജ്ഞാപനങ്ങൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. **2013** മുതൽ **2018** വരെ അഡ്മിഷൻ പരീക്ഷാർഥികൾക്ക് **07.11.2022** വരെ പിഴയില്ലാതെയും **09.11.2022** വരെ പിഴയോടെയും **ഓഫ്ലൈനായി** അപേക്ഷിക്കാം. 2019 അഡ്മിഷൻ മുതലുള്ള പരീക്ഷാർഥികൾക്ക് **07.11.2022** മുതൽ **10.11.2022** വരെ **ഏഴാം** സെമസ്റ്റർ പരീക്ഷകൾക്കും, **10.11.2022** മുതൽ **14.11.2022** വരെ **മൂന്നാം** സെമസ്റ്റർ പരീക്ഷകൾക്കും **ഓൺലൈനായി** അപേക്ഷിക്കാം. **മൂന്നും ഏഴും** സെമസ്റ്റർ **റെഗുലർ** പരീക്ഷാർഥികൾ ഓൺലൈനായി (എസ്. ബി. ഐ. ഇ– പേ) ഫീസടച്ചാൽ മാത്രമേ പരീക്ഷാ രജിസ്ട്രേഷൻ പൂർത്തിയാകൂ.

**ടൈംടേബിൾ**

**01.12.2022, 02.12.2022** തീയതികളിൽ യഥാക്രമം ആരംഭിക്കുന്ന **ഒന്നും രണ്ടും** വർഷ **വിദൂരവിദ്യാഭ്യാസ ബിരുദാനന്തര ബിരുദ** (സപ്ലിമെന്ററി), ജൂൺ 2022 പരീക്ഷാ ടൈംടേബിളുകൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

**പരീക്ഷാഫലം**

സർവകലാശാല പഠനവകുപ്പിലെ രണ്ടാം സെമസ്റ്റർ എം. എസ് സി. മൈക്രോബയോളജി (സപ്ലിമെന്ററി), മെയ് 2021 പരീക്ഷാഫലം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പുനഃപരിശോധനക്കും സൂക്ഷ്മപരിശോധനക്കും പകർപ്പിനും **08.11.2022** വരെ അപേക്ഷിക്കാം.

**പ്രായോഗിക/വാചാ പരീക്ഷ/ പ്രോജക്ട് മൂല്യനിർണയം**

**നാലാം** സെമസ്റ്റർ **എം. എസ് സി. സുവോളജി (സ്ട്രക്ചർ, ഫിസിയോളജി, ഡിവെലപ്മെൻറ് & ക്ലാസിഫിക്കേഷൻ ഓഫ് ആനിമൽസ്)** റെഗുലർ (ഏപ്രിൽ 2022) പ്രായോഗിക/ വാചാ പരീക്ഷകളും പ്രോജക്ട് മൂല്യനിർണയവും **07.11.2022** മുതൽ **11.11.2022** വരെ നിർമലഗിരി കോളേജിൽ വച്ച് നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്. രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ കോളേജുമായി ബന്ധപ്പെടുക.

ഒപ്പ്/–
**അസിസ്റ്റന്റ് രജിസ്ട്രാർ I**
**പരീക്ഷാവിഭാഗം**